"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയ്ക്കായി എടുത്ത വായപയുടെ ഹഡ്കോയിൽ നിന്നെടുത്ത വായ്പയുടെ പലിശ സബ്സിഡിക്കായി കെ.യു.ആർ.ഡി.എഫ്.സി യുടെ അക്കൗണ്ടിലേക്ക് തുക അനുവദിച്ച് ഉത്തരവായിരിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.424/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/02/2020

പരാമർശം:- 1 സ.ഉ (എം.എസ്) നം.111/2018/ത.സ്വ.ഭ.വ തീയതി, 13.08.2018.

2 സ.ഉ(സാധാ) നം. 1021/2019/ത.സ്വ.ഭ.വ തീയതി, 22.05.2019.

3 സ.ഉ(സാധാ) നം. 1812/2019/ത.സ്വ.ഭ.വ തീയതി, 22.08.2019.

4 സ.ഉ(സാധാ) നം. 2614/2019/ത.സ്വ.ഭ.വ തീയതി, 20.11.2019.

5 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 30.01.2020 ലെ കെ.യു.ആർ.ഡി.എഫ്.സി/എ.2/289/2018(190) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

ലൈഫ് മിഷൻ പദ്ധതിയ്ക്ക് വേണ്ടി ഹഡ്കോയിൽ നിന്നും നാളിതു വരെ റൂറൽ സെക്ടറിന് 1,750 കോടി രൂപയും അർബൻ സെക്ടറിന് 800 കോടി രൂപയും തവണകളായി അനുവദിച്ചിട്ടുണ്ട്. 20.01.2020 - ലെ Fin/Loan/Dem/67/2020 ഹഡ്കോ ഡിമാന്റ് പ്രകാരം 58,95,34,093/- രൂപ പലിശയിനത്തിൽ ഫെബ്രുവരി 29 - നകം ഒടുക്കേണ്ടതാണെന്നും ഹഡ്കോ വായ്പയുടെ പലിശ തിരിച്ചടവ് കാലതാമസം കൂടാതെ കൃത്യമായി ഒടുക്കേണ്ടതായിട്ടുള്ളതിനാൽ അർബൻ സെക്ടറിന്റെ പലിശയായ 17,10,93,150/- രൂപ 2217 - 80 - 800 - 62(P) എന്ന ശീർഷകത്തിൽ നിന്നും റൂറൽ സെക്ടറിന്റെ പലിശ തുകയായ 41,84,40,943/- രൂപ 2515 - 00 - 102 - 30 (P) എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ താഴെപ്പറയുന്ന അക്കൗണ്ടുകളിലേയ്ക്ക് മാറ്റി നൽകണമെന്ന് പരാമർശം (5) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹഡ്കോ വായ്പയുടെ പലിശ തിരിച്ചടവ് ഫെബ്രുവരി 29 ന് മുമ്പ് അനുവദിക്കുന്നതിനായി അർബൻ സെക്ടറിന്റെ പലിശയായ 17,10,93,150/- രൂപ 2217 - 80 - 800 - 62 ( പി ) എന്ന ശീർഷകത്തിൽ നിന്നും , റൂറൽ സെക്ടറിന്റെ പലിശ തുകയായ 41,84,40,943/- രൂപ 2515 - 00 - 102 - 30 ( പി ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കാൻ , ഫെബ്രുവരി അവസാനത്തെ ആഴ്ച മാത്രമേ റിലീസ് ചെയ്യുകയുള്ളൂ എന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| Name of Beneficiary | Kerala Urban & Rural Development Finance Corporation Ltd. |
| Bank | State Bank of India |

| | |
|---|---|
| Branch | Vazhuthacaud |
| IFS Code | SBIN 0070033 |
| Account Nos. for crediting the amount | |
| 37920881126 (Rural) | 41,84,40,943 |
| 37922795767 (Urban) | 17,10,93,150 |
| Total | 58,95,34,093 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, വഴുതക്കാട്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

റീജിയണൽ ചീഫ് ഹഡ്‌കോ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (07.02.2020 ലെ ഡെവ - 2/57/2019 - ധന പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ